# PREFACE

*The* **'FOCUS'** *is published by the Kerala Legislature Secretariat for the use of the members of the Kerala Legislative Assembly. It is a digest containing articles and excerpts from books on subjects of current intellectual, political, social and cultural interest, news, reports of the commissions and committees and reviews of books. The views expressed therein are those of the authors and do not necessarily reflect the views of the Kerala Legislature Secretariat.*

*Materials reproduced from other sources may not be republished in any form. Inquiries regarding permission for publication may be addressed directly to the sources cited.*

`

***V.K. BABU PRAKASH,***
***SECRETARY,***
***KERALA LEGISLATIVE ASSEMBLY.***

# CONTENTS

VOL. XLVII | December 2018 | No. 12


| | ARTICLES | Page |
|---|---|---|
| ഡോ.എൻ.കെ. ജയകുമാർ | മനുഷ്യാവകാശലംഘനങ്ങൾ : സംയുക്ത പ്രതിരോധം കാലഘട്ടത്തിന്റെ ആവശ്യം [സമകാലിക ജനപഥം, ഡിസംബർ 2018 ] | 1-6 |
| രമ വേദശ്രീ | ഡിജിറ്റൽ രംഗത്തെ സുരക്ഷിതത്വം [യോജന, ഡിസംബർ 2018 ] | 7-13 |
| D.C. Patra | Taxes on Petro Products : Case for Tax Rate Rationalisation [Economic & Political Weekly 22 December 2018 ] | 14-23 |
| Shweta Punj & M.G. Arun | The Devil's In The Data [India Today, 17 December 2018] | 24-29 |
| | **BOOK REVIEW** | |
| G. Sampath | A historical tour de force- [ The Review of the Book 'Modern South India : A History from the 17th Century to Our Times' written by Rajmohan Gandhi [The Hindu, 9 December 2018 ] | 30-32 |
| | **LEGISLATIVE BUSINESS** | |
| | Resume of Business - 4th Session of the 13th Himachal Pradesh Legislative Assembly | 33-35 |

FOCUS



# മനുഷ്യാവകാശലംഘനങ്ങൾ : സംയുക്തപ്രതിരോധം കാലഘട്ടത്തിന്റെ ആവശ്യം

**ഡോ. എൻ.കെ. ജയകുമാർ**

അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ ഓരോ വാർഷികവും മനുഷ്യാവകാശങ്ങളുടെ അവസ്ഥയെക്കുറിച്ചു വിലയിരുത്താനുള്ള അവസരമാണ്. മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള അവബോധം വർധിക്കുകയും, മനുഷ്യാവകാശ സങ്കൽപവും നിർവചനങ്ങളും കൂടുതൽ വിപുലമാവുകയും, മനുഷ്യാവകാശ സംരക്ഷണത്തിനുള്ള സ്ഥാപനങ്ങൾ നിലവിൽ വരികയും, മനുഷ്യാവകാശ സംരക്ഷണത്തിനായി കൂടുതൽ സംഘടനകൾ രംഗത്തുവരികയും ചെയ്യുന്ന കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. എന്നാൽ അതോടൊപ്പം ലോകമെമ്പാടും മനുഷ്യാവകാശ ലംഘനങ്ങൾ കൂടിവരുന്നു എന്നതും മനുഷ്യാവകാശ ലംഘനങ്ങളുടെ തീവ്രത വർധിക്കുന്നു എന്നതും ആശങ്ക ഉളവാക്കുന്നു. ഒരു മനുഷ്യാവകാശദിനം കൂടി കടന്നുപോകുമ്പോൾ ഈ വൈരുദ്ധ്യം കണ്ടില്ലെന്നു നടിക്കാനാവില്ല.

ഏതൊരു സമൂഹത്തിലും മനുഷ്യാവകാശങ്ങൾ എത്രത്തോളം സുരക്ഷിതമാണ് എന്ന് വിലയിരുത്തേണ്ടത് ആ സമൂഹത്തിലെ ഏറ്റവും അടിച്ചമർത്തപ്പെട്ടവരുടേയും അവശത അനുഭവിക്കുന്നവരുടെയും മനുഷ്യാകാശങ്ങളുമായി ബന്ധപ്പെടുത്തിയാണ്. നമ്മുടെ രാജ്യത്ത് മനുഷ്യാവകാശലംഘനങ്ങൾ ഏറ്റവും കൂടുതൽ നടക്കുന്നത് ആദിവാസി വിഭാഗങ്ങൾ, സ്ത്രീകൾ, കുട്ടികൾ എന്നിവർക്കു നേരെയാണ്. ഭരണഘടനാ വ്യവസ്ഥകളും അന്താരാഷ്ട്ര രേഖകളും നിലവിലുള്ള നിയമവ്യവസ്ഥകളും ദുർബല വിഭാഗങ്ങളുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തുന്നുണ്ടെങ്കിലും, പ്രായോഗികതലത്തിൽ ഈ വിഭാഗങ്ങൾ, പ്രത്യേകിച്ചും ഗോത്ര പട്ടികവർഗ ആദിവാസി വിഭാഗങ്ങൾ, നേരിടുന്ന മനുഷ്യാവകാശ ലംഘനങ്ങൾ തുടർക്കഥയാവുന്നു എന്നതാണ് വസ്തുത.

ഇന്ത്യൻ ഭരണഘടന നിലവിൽ വന്ന ഏതാണ്ട് നാല് പതിറ്റാണ്ടുകൾക്കു ശേഷം പട്ടികജാതി-പട്ടികവർഗക്കാർക്കെതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള



പ്രത്യേക നിയമം പാർലമെന്റ് പാസ്സാക്കി. ഇതിനുള്ള ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ പറയുന്നത്, പട്ടികജാതി-പട്ടികവർഗക്കാരുടെ സാമൂഹിക-സാമ്പത്തിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പല നടപടികളും സ്വീകരിച്ചെങ്കിലും അവരുടെ നില ഇപ്പോഴും ദുർബലമാണ് എന്നാണ്. അവരുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നു എന്നുമാത്രമല്ല, അവർ ഒട്ടേറെ കുറ്റകൃത്യങ്ങൾക്കും പീഡനങ്ങൾക്കും ഇരയാകുകയും ചെയ്യുന്നു. ഇക്കാരണങ്ങൾ മുൻ നിർത്തി 1989-ൽ കൊണ്ടു വന്ന പട്ടികജാതി-പട്ടികവർഗ(അതിക്രമങ്ങൾ തടയൽ) നിയമത്തിനു ശേഷവും പട്ടികജാതി-പട്ടികവർഗക്കാർക്കെതിരായ കുറ്റകൃത്യങ്ങളും പീഡനങ്ങളും തുടരുന്ന പശ്ചാത്തലത്തിലാണ് 2015-ൽ നിയമത്തിലെ വ്യവസ്ഥകൾ കൂടുതൽ കർക്കശമാക്കിയ ഭേദഗതി അവതരിപ്പിച്ചു പാസ്സാക്കിയത്. എന്നാൽ ഈ നിയമത്തിലെ വ്യവസ്ഥകൾ ദുരുപയോഗം ചെയ്യപ്പെടുന്നുവെന്നും വ്യക്തിപരമായ പ്രതികാരത്തിനും ഭീഷണിപ്പെടുത്തലിനും വേണ്ടി ചിലർ നിയമം ഉപയോഗിക്കുന്നു എന്നും ചൂണ്ടിക്കാട്ടി, 2018 മാർച്ച് 20-ന് സുഭാഷ് കാശിനാഥ് മഹാജൻ എന്ന കേസിൽ സുപ്രീംകോടതി പുറപ്പെടുവിച്ച മാർഗനിർദ്ദേശങ്ങൾ ഫലത്തിൽ അതിക്രമങ്ങൾ തടയൽ നിയമത്തിന്റെ പ്രസക്തി തന്നെ നഷ്ടപ്പെടുത്തി. പട്ടികവർഗ ആദിവാസി സംഘടനകൾക്കു പുറമേ പ്രമുഖ രാഷ്ട്രീയ കക്ഷികളും സുപ്രീംകോടതി വിധിയെ വിമർശിച്ച് രംഗത്തെത്തുകയും, ശക്തമായ പ്രക്ഷോഭങ്ങൾ ഇന്ത്യയിൽ ഉടനീളം ഉണ്ടാവുകയും ചെയ്തതിന്റെ ഫലമായി വീണ്ടും ഒരു നിയമ ഭേദഗതിക്കുള്ള സാധ്യത തെളിഞ്ഞിരിക്കുകയാണ്.

ഏതൊരു സമൂഹത്തിലും മനുഷ്യാവകാശങ്ങൾ എത്രത്തോളം സംരക്ഷിക്കപ്പെടുന്നു എന്നതിന്റെ അളവുകോൽ ആ സമൂഹത്തിലെ ഏറ്റവും ദുർബലരും അടിച്ചമർത്തപ്പെട്ടവരുമായ വിഭാഗങ്ങളുടെ മനുഷ്യാവകാശങ്ങൾ എത്രത്തോളം സുരക്ഷിതമാണ് എന്നുള്ളതാണ്.

പട്ടികജാതി-പട്ടികവർഗക്കാർക്കെതിരായ അതിക്രമങ്ങൾ തടയാനുള്ള നിയമത്തിന്റെ അവസ്ഥ പരിശോധിച്ചാൽ, ഇന്ത്യയിൽ ഏറ്റവും ദുർബലരും അടിച്ചമർത്തപ്പെടുന്നവരുമായ പട്ടികജാതി- പട്ടികവർഗ വിഭാഗത്തിന്റെ മനുഷ്യാവകാശ സംരക്ഷണത്തിന്റെ ദയനീയാവസ്ഥ ബോധ്യപ്പെടും.



സുപ്രീംകോടതി ചൂണ്ടിക്കാണിച്ചതുപോലെ നിയമം ദുരുപയോഗപ്പെടുത്തുകയല്ല, മറിച്ച് നിയമം നടപ്പാക്കുന്നതിലെ പോരായ്മകളാണ് ദൃശ്യമാകുന്നത്. ദേശീയ ക്രൈം റെക്കോർഡ്സ് ബ്യൂറോ പ്രസിദ്ധീകരിച്ച ഔദ്യോഗിക കണക്കുകൾ പ്രകാരം പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർക്കെതിരായ കുറ്റകൃത്യങ്ങൾ ഓരോ വർഷവും കൂടുകയും കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നതിന്റെ നിരക്ക് കുറഞ്ഞ് വരികയും ചെയ്യുന്നതായി കാണാം. ഈ കണക്കുകളും നിലവിലുള്ള സാമൂഹിക സാംസ്കാരിക യാഥാർഥ്യങ്ങളും കണക്കിലെടുക്കാതെയുള്ള സമീപനമാണ് സുഭാഷ് കാശിനാഥ് മഹാജൻ കേസിൽ സുപ്രീം കോടതി അവലംബിച്ചത് എന്നു പറയേണ്ടി വരും.

സുപ്രീംകോടതി അവലംബിച്ച നിലപാടും അതിന്റെ പ്രത്യാഘാതങ്ങളും അസ്വസ്ഥത ജനിപ്പിക്കുന്ന ഒട്ടേറെ ചോദ്യങ്ങൾ ഉയർത്തുന്നു. പട്ടികവർഗ-ആദിവാസി വിഭാഗങ്ങളുടെ മനുഷ്യാവകാശങ്ങൾ തുടർച്ചയായി നിഷേധിക്കപ്പെടുകയും ഭരണസംവിധാനങ്ങളിൽ നിന്നും അവർ ഒഴിവാക്കപ്പെടുകയും ചെയ്യുന്ന അവസ്ഥ പരിതാപകരമാണ്.

ഇന്ത്യയിൽ ജാതി വിവേചനം ഇപ്പോഴും അനുഭവിക്കുന്ന 160 ദശലക്ഷം പേരുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ ഭരണഘടനയിലും നിയമങ്ങളിലും ഉൾക്കൊള്ളിച്ചിട്ടുള്ള സമത്വത്തിനുള്ള അവകാശവും വിവേചനത്തിന് എതിരായ വ്യവസ്ഥകളും തൊട്ടുകൂടായ്മ അവസാനിപ്പിക്കുകയും കുറ്റകൃത്യമായി പ്രഖ്യാപിക്കുകയും ചെയ്തതിനു ശേഷവും ഈ നില തുടരുന്നു എന്നത് തികച്ചും ലജ്ജാവഹമാണ്.

ദീർഘകാലമായി അനീതികൾക്കിരയായ, ഈ ഉപഭൂഖണ്ഡത്തിലെ ആദിവാസികളുടെ അവസ്ഥ കൈലാസ് V മഹാരാഷ്ട്ര സംസ്ഥാനം എന്ന കേസിൽ ചിത്രീകരിക്കുന്നത് ഇപ്രകാരമാണ്:

അവർ ഇന്ത്യയിലെ ഏറ്റവുമധികം പാർശ്വവത്കരിക്കപ്പെട്ടവരും ദുർബലരും ആയിട്ടുള്ളവരാണ്. അവരുടെ ജീവിത യാഥാർഥ്യം ദാരിദ്ര്യം, നിരക്ഷരത, തൊഴിലില്ലായ്മ, രോഗങ്ങൾ, ഭൂമിയിലുള്ള അവകാശങ്ങളുടെ നിഷേധം എന്നിവ



നിറഞ്ഞതാണ്. ആദിവാസികളോട് നാം കാണിച്ച അനീതി ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും ലജ്ജാവഹമായ ഒരധ്യായമാണ്.

ഈ യാഥാർത്ഥ്യങ്ങൾ അംഗീകരിക്കാൻ ഔദ്യോഗികമായി നമ്മുടെ രാജ്യം തയാറായിട്ടില്ല എന്നതാണ് ഖേദകരമായ വസ്തുത. ഐക്യരാഷ്ട്രസഭയിൽ ഔദ്യോഗികമായി ഇന്ത്യ സ്വീകരിച്ച നിലപാട് നമ്മുടെ രാജ്യത്ത് തദ്ദേശ ജനത എന്നു വിശേഷിപ്പിക്കാവുന്ന ആരും ഇല്ല എന്നതാണ്. ഭരണഘടനാ നിർമാണസഭയിലും ആദിമനിവാസികൾ എന്ന പദത്തിനുപകരം 'പട്ടികവർഗം'എന്ന പദം അംഗീകരിച്ചതിനു പിന്നിൽ പ്രത്യക്ഷത്തിൽ കാണാൻ കഴിയാത്ത നിഗൂഢ ലക്ഷ്യങ്ങൾ ഉണ്ട്. ആദിവാസികളുടെ ശക്തനായ വക്താവായി ഭരണഘടനാ നിർമാണപ്രക്രിയയിൽ പങ്കാളിയായ ജയ്പാൽ സിംഗ് മുണ്ട, ആദിവാസികൾക്ക് നീതി ലഭ്യമാക്കുന്നതിനു വേണ്ടി മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ തുടരെ അവഗണിക്കപ്പെട്ടതിൽ തീർത്തും നിരാശനായിരുന്നു. ഇങ്ങനെ നിരാകരിക്കപ്പെട്ട ഒരു പ്രധാന നിർദ്ദേശം ആദിവാസികൾക്ക് അവരുടെ ഭൂമിയിലുള്ള അവകാശം ഉറപ്പുവരുത്തുക എന്നതായിരുന്നു. ആദിവാസി ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഇന്നും ഉയർന്നു വരുന്നത് ഇക്കാര്യത്തിൽ ഭരണഘടനാ നിർമാതാക്കൾ പുലർത്തിയ അവഗണനയുടെ ഫലമാണ്. പട്ടികവർഗക്കാരുടെ മനുഷ്യാവകാശങ്ങൾ എന്നതിനേക്കാളുപരി, അവർക്കു നൽകേണ്ട സംരക്ഷണവും സഹായവും രാഷ്ട്രത്തിന്റെ രക്ഷാകർതൃ പദവിയുടെ ഭാഗമായി അംഗീകരിക്കപ്പെട്ടു.

സെന്റർ ഫോർ ഹ്യൂമൻ റൈറ്റ്സ് ആന്റ് ഗ്ലോബൽ ജസ്റ്റീസ് എന്ന സംഘടന നടത്തിയ ഒരു പഠനം വെളിവാക്കുന്നത് ഇന്ത്യയിൽ ഓരോ 20 മിനിട്ടിലും പട്ടിക വിഭാഗങ്ങൾക്കെതിരായ ഒരു കുറ്റകൃത്യം നടക്കുന്നു എന്നാണ്. എന്നാൽ യഥാർഥത്തിലുള്ള കുറ്റകൃത്യങ്ങളുടെ എണ്ണം ഇതിലും വളരെ കൂടുതലായിരിക്കും. കാരണം ഒട്ടേറെ കുറ്റകൃത്യങ്ങൾ പോലീസിൽ റിപ്പോർട്ടു ചെയ്യപ്പെടാതെ പോകുന്നു എന്നതുതന്നെ. കോടതികളിൽ എത്തുന്ന കേസുകളിൽ വെറും 11% മാത്രമാണ് ശിക്ഷയിൽ കലാശിക്കുന്നത്. ഇത് നമ്മുടെ പ്രോസിക്യൂഷൻ



സംവിധാനത്തിന്റെയും നീതിനിർവ്വഹണ സമ്പ്രദായത്തിന്റെയും മനുഷ്യാവകാശ വിരുദ്ധ നിലപാടുകൾ സംശയാതീതമായി തെളിയിക്കുന്നു.

ജാതി വിവേചനത്തിനു പുറമേ, ലിംഗ വിവേചനവും കൂടിച്ചേരുമ്പോൾ ദളിത് സ്ത്രീകളുടെ അവസ്ഥ തികച്ചും പരിതാപകരമായി മാറുന്നു. കുറ്റകൃത്യങ്ങൾക്കും അക്രമങ്ങൾക്കും ഇരയാവുക മാത്രമല്ല, പലരും നിർബന്ധിത വ്യഭിചാരത്തിലേക്കും അടിമത്തത്തിലേക്കും നീങ്ങാൻ നിർബന്ധിതരാവുകയും ചെയ്യുന്നു. ഐക്യരാഷ്ട്ര സഭയുടെ സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങളെക്കുറിച്ചുള്ള 2013-ലെ റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു :

പട്ടികവിഭാഗത്തിൽപ്പെട്ട സ്ത്രീകളുടെയും പെൺകുട്ടികളുടെയും അവസ്ഥ, ഒഴിവാക്കലിന്റെയും പാർശ്വവത്കരണത്തിന്റെയും പ്രതിഫലനമാണ്. ഇതിന്റെ ഫലമായി സമൂഹത്തിലെ അവരുടെ താഴ്ന്ന സ്ഥാനം ശാശ്വതീകരിക്കപ്പെടുന്നു എന്നു മാത്രമല്ല, തലമുറകളോളം അവരുടെ ദുർബലാവസ്ഥ നിലനിൽക്കാൻ ഇടയാവുകയും ചെയ്യുന്നു.

1948-ലെ അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനം എല്ലാ മനുഷ്യരും സ്വതന്ത്രരായി ജനിക്കുന്നു എന്നും അന്തസ്സിന്റെയും അവകാശങ്ങളുടെയും കാര്യത്തിൽ തുല്യരാണെന്നും അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു. മനുഷ്യാവകാശങ്ങൾ, വംശം, നിറം, ലിംഗം, ഭാഷ, മതം, രാഷ്ട്രീയമോ മറ്റു വിധത്തിലോ ഉള്ള അഭിപ്രായങ്ങൾ, സ്വത്ത്, പദവി എന്നിവ പരിഗണിക്കാതെ എല്ലാവർക്കും അവകാശപ്പെട്ടതാണെന്നും മനുഷ്യാവകാശ പ്രഖ്യാപനം വിളംബരം ചെയ്യുന്നു. ഇന്ത്യയിലെ പട്ടികവിഭാഗക്കാരെ സംബന്ധിച്ചിടത്തോളം ഈ പ്രഖ്യാപനങ്ങൾ കടലാസ്സിൽ ഒതുങ്ങുന്നു. മനുഷ്യാവകാശ പ്രഖ്യാപനത്തിലെയും സിവിൽ, പൊളിറ്റിക്കൽ അവകാശങ്ങളെ സംബന്ധിച്ച അന്താരാഷ്ട്ര ഉടമ്പടിയിലെയും ഇന്ത്യൻ ഭരണഘടനയിലെയും നിയമങ്ങളിലെയും വ്യവസ്ഥകൾ നിലനിൽക്കെത്തന്നെ, പട്ടികവിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾക്കും വിവേചനങ്ങൾക്കും അടിമപ്പണിക്കും വിധേയരാകേണ്ടി വരുന്നു. മനുഷ്യാവകാശ സംരക്ഷണത്തിൽ അവസാന

അഭയസ്ഥാനമായ സുപ്രീം കോടതി പോലും പട്ടികജാതി- ആദിവാസി വിഭാഗങ്ങളുടെ കാര്യത്തിൽ നിഷേധാത്മകമായ സമീപനം അവലംബിക്കുമ്പോൾ, നിയമങ്ങൾ നിർമിച്ചതുകൊണ്ടുമാത്രം അവകാശങ്ങൾ സുരക്ഷിതമാക്കാൻ കഴിയില്ല എന്ന സന്ദേശമാണ് നമുക്ക് ലഭിക്കുന്നത്. മനുഷ്യാവകാശ പ്രവർത്തകരും ബഹുജനപ്രസ്ഥാനങ്ങളും അവകാശലംഘനങ്ങൾക്കെതിരായ സംയുക്ത പ്രതിരോധങ്ങൾ പടുത്തുയർത്തേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

**സമകാലിക ജനപഥം,**

**ഡിസംബർ 2018.**

FOCUS



# ഡിജിറ്റൽരംഗത്തെ സുരക്ഷിതത്വം

**രമ വേദശ്രീ**

ഇന്ത്യയുടെ ഡിജിറ്റൽ സമ്പദ്‌വ്യവസ്ഥ ലക്ഷം കോടി ഡോളർ മൂല്യം എന്ന ലക്ഷ്യത്തിലേക്ക് അടുക്കുമ്പോൾ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ വിവിധ വശങ്ങളെക്കുറിച്ച് വിശദമായി പരിശോധിക്കേണ്ടത് അത്യാവശ്യമാണ്. രാഷ്ട്രത്തെയും അതിലെ പൗരന്മാരെയും സംബന്ധിച്ച് ഡിജിറ്റൽവൽക്കരണം എന്നതു കൊണ്ട് വിവക്ഷിക്കപ്പെടുന്നതെന്ത് എന്നും ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. കൂടാതെ ഡിജിറ്റൽ സാങ്കേതികവൽകരണത്തെ സംബന്ധിച്ചുള്ള ആശങ്കകൾ, പ്രത്യേകിച്ചു ഡിജിറ്റൽ ആവാസ വ്യവസ്ഥയുടെ (Digital ecosystem) സംരക്ഷണത്തിനും നിലനില്പിനും സ്വീകരിക്കേണ്ട നടപടികൾ എന്നിവയെക്കുറിച്ച് വിശദമായ ചർച്ച ആവശ്യമാണ്. ഭൗതികരൂപത്തിൽ നിന്ന് ഡിജിറ്റൽ രൂപത്തിലേക്കുള്ള മാറ്റം ഇന്ന് മിക്കവാറും എല്ലാ മേഖലകളിലും പ്രകടമാണ്. ജനങ്ങൾ പരസ്പരം സമ്പർക്കം നടത്തുന്ന കാര്യത്തിലായാലും ഗവൺമെന്റ് സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന കാര്യത്തിലായാലും സാമ്പത്തിക ഇടപാടുകൾ നടത്തുന്ന കാര്യത്തിലായാലും ഗവൺമെന്റും വ്യാപാരികളും പൊതുജനങ്ങളും ഡിജിറ്റൽ സങ്കേതങ്ങളെയാണ് ഇന്ന് മുഖ്യമായും ആശ്രയിക്കുന്നത്. ഇന്ന് ഭാരതവും അതിലെ പൗരന്മാരും ലോക ഡിജിറ്റൽ ഗ്രാമത്തിന്റെ (Digital Village) ഭാഗമായി മാറിയിരിക്കുന്നു. അങ്ങനെ സാങ്കേതിക വിദ്യയുടെ ജനാധിപത്യവൽക്കരണം സാധ്യമായിരിക്കുന്നു. ഒപ്പം, സാങ്കേതിക വിദ്യയെ എല്ലാവർക്കും ഉൾക്കൊള്ളാവുന്ന തരത്തിൽ മാറ്റിയിരിക്കുന്നുവെന്നും കാണാവുന്നതാണ്.

ഇന്ത്യയെ സംബന്ധിച്ചാണെങ്കിൽ, മതിയായ വേഗത്തിലും തോതിലുമുള്ള ഇന്റർനെറ്റ് ലഭ്യത, സ്മാർട്ട് ഫോണുകളുടെ ലഭ്യത, ഗവൺമെന്റ് സേവനങ്ങൾ ഓൺലൈനിലൂടെ ലഭ്യമാകുന്ന അവസ്ഥ എന്നിവയൊക്കെ ഡിജിറ്റൽ വൽക്കരണത്തിന്റെ പ്രകടവും പ്രധാനവുമായ സൂചകങ്ങളിൽ ചിലത് മാത്രമാണ്. ഇന്റർനെറ്റുമായി ബന്ധിപ്പിക്കപ്പെട്ടിരിക്കുന്ന അനേകം ഉപകരണങ്ങൾ വേറെയുമുണ്ട്; എന്നു മാത്രമല്ല അവയുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചു



കൊണ്ടിരിക്കുകയും ചെയ്യുന്നു. ഡിജിറ്റൽവൽക്കരണ പ്രക്രിയയുടെ ഗതി മുകളിലേക്കാണ് എന്നതിന് സംശയമില്ല. ഡിജിറ്റൽ സാങ്കേതിക മേഖലയിൽ ഇന്ത്യയുടെ ചുവടുവയ്പ്പിനു ശക്തി പകരുന്നതാണിത്. നമുക്ക് കേന്ദ്രീകൃതമായ ഒരു തിരിച്ചറിയൽ സംവിധാനം ഉണ്ടെന്നത് അഭിമാനകരമാണ്. എല്ലാവിഭാഗം ജനങ്ങളും ഇതിന്റെ പരിധിയിൽ വരുന്നതിനാൽ ഈ സംവിധാനം സർവതല സ്പർശിയായ ഉൾക്കൊള്ളലിന്റെ സ്വഭാവമുള്ളതാണ്. ഗവൺമെന്റ് സേവനങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെ ലഭ്യമാകുന്നു എന്നത് ഉറപ്പു വരുത്താൻ ഈ സംവിധാനം സഹായിക്കുന്നു. അതായത് സർക്കാരിനു ജനങ്ങളുമായി നേരിട്ട് ഇടപാടുകൾ നടത്താനും (G2C-Government to Citizen) കച്ചവട മേഖലയിൽ വ്യാപാരികൾക്ക് ഉപഭോക്താക്കളുമായി നേരിട്ട് ഇടപാടുകൾ നടത്താനും(B2C-Business to Consumers) അവരെ സജ്ജമാക്കുന്ന ഒന്നാണ് ഈ കേന്ദ്രീകൃത തിരിച്ചറിയൽ സംവിധാനം. ആധുനികമായ അടിസ്ഥാന സൗകര്യങ്ങളും കമ്പ്യൂട്ടർ സംവിധാനങ്ങളും നൽകിക്കൊണ്ട് നഗര പരിധിയിലെല്ലായിടത്തും മെച്ചപ്പെട്ട വിവര വിനിമയ സാങ്കേതിക വിദ്യ (Information and Communication Techmology-ITC) ലഭ്യമാക്കാനുള്ള ഗവൺമെന്റ് പരിശ്രമങ്ങളെ നമുക്ക് വിസ്മരിക്കാൻ കഴിയില്ല. സ്മാർട്ട് സിറ്റികളുടെ സ്ഥാപനത്തോടെ ഡിജിറ്റൽവൽക്കരണം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ സംഭവിക്കുന്നു. അത് വിഭവങ്ങളുടെ കാര്യക്ഷമമായ പ്രയോജനപ്പെടുത്തൽ ഉറപ്പാക്കുന്നതോടൊപ്പം ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സഹായിക്കുന്നു.

യന്ത്രവൽക്കരണ പ്രക്രിയയുടെ ആക്കം കൂട്ടുന്നതിനും അതിലൂടെ വരും തലമുറ നിർമ്മാണശാലകൾ, വ്യവസായങ്ങൾ, വിതരണ ശൃംഖലകൾ, സാധനസേവനങ്ങൾ എന്നിവയുടെ ഉദയത്തിനും വഴി തെളിക്കുന്ന രീതിയിൽ ഡിജിറ്റൽവൽക്കരണത്തെ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഡിജിറ്റൽവൽക്കരണ ത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന അവസരങ്ങൾ അത് പ്രദാനം ചെയ്യുന്ന കാര്യക്ഷമത, അതുകൊണ്ട് ഉണ്ടായേക്കാവുന്ന അപകടകരമായ സാഹചര്യങ്ങൾ എന്നീ വീക്ഷണകോണുകളിലൂടെയുള്ള ഒരു ത്രിമുഖ സമീപനത്തിലൂടെ



ഡിജിറ്റൽവൽക്കരണത്തെ സംബന്ധിച്ച വ്യക്തമായ കാഴ്ചപ്പാട് ഉണ്ടാക്കാൻ സാധിക്കുന്നതാണ്. നാലാം വ്യാവസായിക വിപ്ലവത്തിന്റെ യുഗമാണിത് (Industry 4.0). നിർമ്മാണ രംഗത്ത് വലിയൊരു മാറ്റമാണ് ഡിജിറ്റൽവൽക്കരണം കൊണ്ടു വരുന്നത്. ഇന്ന് ഉപഭോക്താവിന്റെ ഇച്ഛയ്ക്കും ആവശ്യത്തിനും അനുസരിച്ചുള്ള സാധനങ്ങളും സേവനങ്ങളും നൽകാൻ കഴിയുന്നു. ഭൗതികലോകത്തെ ഡിജിറ്റൽ ലോകവുമായി സംയോജിപ്പിച്ച് ഉത്പാദനവർദ്ധനവ് നേടുക എന്നതിനാണ് നാലാം വ്യാവസായിക വിപ്ലവം (Industry 4.0) ലക്ഷ്യമിടുന്നത്. നിർമിത ബുദ്ധി, ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള നവീന പഠന രീതി, കമ്പ്യൂട്ടർ വഴിയുള്ള ബോധനം എന്നിവയ്ക്ക് സ്ഥാപനങ്ങളും പ്രാധാന്യം നൽകുന്നുണ്ട്. ഉപഭോക്താക്കളുടെ ആവശ്യങ്ങൾ കണ്ടെത്താനും അവരുടെ പ്രതീക്ഷകൾക്കനുസരിച്ചുള്ള പരിഹാരങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും ഊന്നൽ നൽകപ്പെടുന്നുണ്ട്. അങ്ങനെ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ അളവില്ലാത്ത സാധ്യതകൾ വൻകിട കമ്പനികൾ മാത്രമല്ല, ഊർജ്ജസ്വലതയുള്ള സ്റ്റാർട്ട് അപ്പ് സംരംഭങ്ങളും മനസിലാക്കിയിട്ടുണ്ട് എന്നത് ആശാവഹമാണ്.

**ഡിജിറ്റൽ ലോകം: ആശങ്കകളും വെല്ലുവിളികളും**

നേട്ടങ്ങളുടെ പട്ടിക നിരത്താൻ കഴിയുന്നതു പോലെ തന്നെ വെല്ലുവിളികൾ നിറഞ്ഞതുമാണ് സൈബർ ലോകം. വലിയ അളവിൽ വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുമ്പോൾ അതെല്ലാം പരസ്പരബന്ധിതമായ കമ്പ്യൂട്ടർ ശൃംഖലകൾ വഴി ഇന്റർനെറ്റിലൂടെ ലോകമെങ്ങും വെളിവാക്കപ്പെടുകയാണ് എന്ന ഒരു വെല്ലുവിളിയുണ്ട്. സൈബർ ലോകത്തെ സംബന്ധിച്ച്, പുതിയ പുതിയ മേഖലകളും പന്ഥാവുകളും വെട്ടിത്തുറക്കുമ്പോഴും സുരക്ഷാ ഭീഷണികളും അഭിമുഖീകരിക്കുന്നുണ്ടെന്ന കാര്യം അവഗണിക്കാൻ കഴിയില്ല. ഒരിക്കലും കണ്ടിട്ടില്ലാത്ത, ഒരിക്കലും പ്രതീക്ഷിക്കാൻ കഴിയാത്ത പുതിയ പുതിയ ഭീഷണികളാണ് നിത്യേന സൈബർ ലോകം അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്നത്. ബിസിനസ് രംഗത്തുള്ള ഭീഷണികൾ, വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും മാനനഷ്ടം വരുത്തൽ, സേവനങ്ങൾക്ക് തടസ്സം ഉണ്ടാക്കൽ, പൊതു സുരക്ഷാ



ഭീഷണികൾ എന്നിവ അതിൽ ചിലതു മാത്രമാണ്. പുതിയ തരത്തിലുള്ള സൈബർ സുരക്ഷാ ഭീഷണികൾ നിത്യേന എന്നോണം വർദ്ധിച്ചു വരുകയും ചെയ്യുന്നു. ബാങ്കിംഗ് സാമ്പത്തിക സ്ഥാപനങ്ങളെയോ, നിർണ്ണായക വിവരങ്ങൾ സൂക്ഷിക്കപ്പെട്ടിരിക്കുന്ന കമ്പ്യൂട്ടർ ശൃംഖലകളെയോ മാത്രമല്ല ഈ ഭീഷണികൾ ബാധിക്കുക എന്നു നാം അറിയേണ്ടതുണ്ട്. മിക്കവാറും എല്ലാ വ്യവസായ മേഖലകളും സൈബർ ലോകത്തു നിന്നും സുരക്ഷാഭീഷണികൾ നേരിടുന്നുണ്ട്. സൈബർ ലോകം പോരാട്ടത്തിന്റെ ഒരു അഞ്ചാം പോർമുഖം തുറന്നിരിക്കുന്നുവെന്നു പറയാം. ലോക സാമ്പത്തിക ഫോറത്തിന്റെ 2018-ലെ റിപ്പോർട്ട് അനുസരിച്ച് പാരിസ്ഥിതിക ദുരന്തങ്ങൾ ഉൾപ്പെടെയുള്ള 3 പ്രധാന ഭീഷണികളിൽ ഒന്നാണ് സൈബർ ലോകത്തെ ഭീഷണികൾ. സൈബർ സുരക്ഷാ ഭീഷണിയുടെ ഒരു സവിശേഷത സൈബർ ആക്രമണങ്ങൾ നടത്തുന്നവരെ കണ്ടെത്താനുള്ള ബുദ്ധിമുട്ടാണ്. രാഷ്ട്രങ്ങൾ തന്നെ സൈബർ യുദ്ധത്തിനുള്ള ആയുധങ്ങൾ വികസിപ്പിക്കുകയും എന്നാൽ പുറത്തറിയാതിരിക്കാൻ മറ്റുള്ളവരെ മുൻനിർത്തി അത് ഉപയോഗിക്കുകയും ചെയ്യുന്നതിനാൽ സൈബർ ലോകം ഒട്ടനവധി തരത്തിലുള്ള ആക്രമണങ്ങൾക്ക് വിധേയമാകാൻ സാധ്യത കൂടുതലാണ്. സൈബർ കുറ്റവാളികളെ കണ്ടെത്തി നിയമത്തിന്റെ മുന്നിൽ കൊണ്ടു വരിക എന്നത് വളരെ പ്രയാസകരമാണ്. തെളിവുകൾ ശേഖരിക്കുന്നതിൽ അഭിമുഖീകരിക്കേണ്ടി വരുന്ന വെല്ലുവിളികൾ, നിയമം നടപ്പാക്കുന്നതിലെ പ്രശ്നങ്ങൾ, സൈബർ നിയമങ്ങളുടെ അധികാര പരിധി സംബന്ധിച്ച പരിമിതികൾ ഫലപ്രദമല്ലാത്ത അന്താരാഷ്ട്ര സൈബർ സുരക്ഷാ ചട്ടക്കൂടുകൾ എന്നിവയൊക്കെ കുറ്റവാളികൾക്ക് രക്ഷപ്പെടാനുള്ള പഴുതുകൾ നൽകുന്നു എന്നത് ഒരു വസ്തുതയാണ്.

സമീപകാലത്ത് ലോകമാകെ ഉണ്ടായ സൈബർ സുരക്ഷാഭീഷണികളുടെ വെളിച്ചത്തിൽ അവയെ നേരിടുന്നതിനുള്ള ആസൂത്രിതവും സംഘടിതവും വ്യക്തവുമായ ഒരു സൈബർ സുരക്ഷാ കർമ്മപദ്ധതി നിലവിൽ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. അതിനാൽ ഗവൺമെന്റിന്റെയും



വ്യവസായ മേഖലയുടെയും സംയുക്ത പരിശ്രമത്തോടെ ഇന്ത്യയ്ക്കകത്തും തല്പരകക്ഷികളുടെ പങ്കാളിത്തത്തോടെ ആഗോളതലത്തിലും കാര്യക്ഷമമായ സൈബർ സുരക്ഷാ കർമ്മ പദ്ധതി ആവിഷ്കരിക്കേണ്ടത് പരമ പ്രധാനമാണ്.

**സൈബർ സുരക്ഷ: മാറുന്ന മുഖം**

സൈബർ മേഖലയിലെ മുന്നേറ്റം വർദ്ധിത ആവശ്യങ്ങളാണ് മുന്നോട്ട് വയ്ക്കുന്നത്. സൈബർ സുരക്ഷാ മേഖലയിൽ സാന്നിധ്യമുറപ്പിക്കുന്നതിന് നിരന്തരവും നൂതനവുമായ സംവിധാനങ്ങൾക്കായുള്ള ഊർജ്ജിത ശ്രമങ്ങൾ സൈബർ സുരക്ഷാ ശേഷി വികസനവുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ നടന്നു കൊണ്ടിരിക്കുന്നു. അടുത്ത ഘട്ടത്തിലേക്കാവശ്യമായ സൈബർ സുരക്ഷാതന്ത്രങ്ങളിൽ ചിലത് താഴെപ്പറയുന്നു.

1. സൈബർ സുരക്ഷ സംബന്ധിച്ച് കേവലം ഭീഷണികൾ കണ്ടെത്തുന്നതിൽ നിന്ന് അവയോട് ഫലപ്രദമായി പ്രതികരിക്കുക എന്ന സമീപനത്തിലേക്കുള്ള മാറ്റം

2. വിവിധ സൈബർ സുരക്ഷാ വിജ്ഞാനശാഖകളുടെ സംയോജനം

എന്നാൽ ഇവയിൽ മാത്രമായി അത് പരിമിതപ്പെടുത്തേണ്ടതില്ല. പുതിയ കാലത്തിന്റെ ഭീഷണികൾ നേരിടാൻ ഉതകുന്ന രീതിയിൽ പുതിയ തന്ത്രങ്ങളും മെനയേണ്ടിയിരിക്കുന്നു.

**ഡിജിറ്റൽ ഇന്ത്യ: സൈബർ സുരക്ഷാ കരുതലുകൾ**

സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട നിരവധി വെല്ലുവിളികൾ നേരിടാൻ എല്ലാവരും പ്രത്യേകിച്ചു വ്യവസായ സമൂഹവും സർക്കാരുകളും അടിയന്തര ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. ദേശീയ സൈബർ സുരക്ഷാ സംവിധാനങ്ങളും മേഖലാ നിയന്ത്രണ സംവിധാനങ്ങളും പരസ്പരം കൈകോർത്തു സൈബർ ലോകത്തെ ആക്രമണങ്ങൾ പ്രതിരോധിക്കാൻ മാത്രമല്ല വേണ്ടി വന്നാൽ പ്രത്യാക്രമണങ്ങൾ നടത്താനും പ്രാപ്തിയുള്ള തന്ത്രങ്ങളും കർമ്മപദ്ധതികളും രൂപപ്പെടുത്തണം. ഇതിനായി പ്രവർത്തന പങ്കാളികളെ കണ്ടെത്തുകയും ആക്രമണങ്ങളും വെല്ലുവിളികളും തന്മയത്വമായി നേരിടാനുള്ള അറിവും കഴിവും ആർജ്ജിച്ച സ്ഥാപനങ്ങളുടെ അനുഭവ സമ്പത്ത് ഉപയോഗിക്കേണ്ടതും ആവശ്യമായിട്ടുണ്ട്.



സൈബർ സുരക്ഷാ സംരംഭങ്ങൾക്കാവശ്യമായ നയനിയന്ത്രണ കാര്യങ്ങൾ തയ്യാറാക്കുക, ബാങ്കിംഗ് ഇൻഷുറൻസ് മേഖലകൾക്കാവശ്യമായ സൈബർ സുരക്ഷാ സംവിധാനങ്ങൾ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (RBI), Insurance Regulatory and Development Authority of India (IRDAI), സ്മാർട്ട് സിറ്റികൾ എന്നിവക്കാവശ്യമായ സൈബർ സുരക്ഷാ ചട്ടക്കൂടുകൾ തയ്യാറാക്കുക എന്നിവ ഇത് സംബന്ധിച്ച ചില മേഖലകൾ മാത്രമാണ്. ആരോഗ്യ സംരക്ഷണം പോലുള്ള നിർണ്ണായകമായ ഭൗതിക സാഹചര്യ നിർമ്മാണ മേഖലകളിലേക്കും ഈ നടപടികൾ വ്യാപിപ്പിക്കേണ്ടതുണ്ട്.

സംഘടിത പ്രതിരോധത്തിനും ശീഘ്ര പ്രതികരണത്തിനും ആവശ്യമായ ഏകോപനവും സംയുക്തമായ സഹകരണവും ഇതിനാവശ്യമാണ്. ദേശീയതലത്തിൽ Computer Emergency Response Team (CERT) ന്റെ പ്രവർത്തനങ്ങളെ സംസ്ഥാനതലത്തിലും പ്രദേശികതലത്തിലും ഏകോപിപ്പിച്ചു നടപ്പാക്കാൻ സംസ്ഥാന CERT കളും പ്രാദേശിക CERT കളും ആവശ്യമാണ്. നിയമനിർവഹണം ശക്തിപ്പെടുത്തുന്നതിനും സൈബർ കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ എത്തിച്ചു നീതി നടപ്പാക്കാൻ കഴിയുന്ന തരത്തിൽ നീതിന്യായ സംവിധാനത്തിനു കരുത്തു പകരുവാനും ഗവൺമെന്റുകൾ തമ്മിലുള്ള ഉഭയകക്ഷി-ബഹുകക്ഷി സഹകരണത്തിലൂടെ വേഗത്തിലുള്ള അന്വേഷണം പ്രാപ്യമാക്കാൻ ഗവൺമെന്റുകളെ ശക്തിപ്പെടുത്താനും ഇതിലൂടെ കഴിയുന്നു. അന്താരാഷ്ട്ര സഹകരണവും ഇതിനാവശ്യമാണ്.

ഈ സാഹചര്യത്തിൽ വൻകിട സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ചെറുകിട-ഇടത്തരം വ്യാപാര സംരംഭങ്ങൾ എന്നിവ സൈബർ സുരക്ഷാ തയ്യാറെടുപ്പുകൾ ഊർജ്ജിതമാക്കേണ്ടതുണ്ട്. സൂക്ഷ്മ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഇന്ന് ഓൺലൈനിലൂടെ വളരെയധികം വികാസം പ്രാപിച്ചു കൊണ്ടിരിക്കുന്നു. അവയും കടുത്ത സൈബർ ആക്രമണങ്ങൾക്ക് വിധേയമാകുന്നുണ്ട്. ഡിജിറ്റൽ ഇന്ത്യയെ സംബന്ധിച്ചിടത്തോളം വളർച്ചയുടെ കേന്ദ്ര ബിന്ദു പൗരനാണ്. പൗരന്മാർ നടത്തുന്ന ഡിജിറ്റൽ സാമ്പത്തിക



ഇടപാടുകൾ സുരക്ഷിതമാക്കാൻ അവർക്ക് ഡിജിറ്റൽ സാക്ഷരത, സൈബർ സുരക്ഷാ അവബോധം എന്നിവ ഉറപ്പുവരുത്തേണ്ടതാണ്. സമ്പദ് വ്യവസ്ഥയുടെ വളർച്ച ത്വരിതപ്പെടുത്തുന്ന രീതിയിൽ ഡിജിറ്റൽ സാങ്കേതിക വിദ്യയെ പരുവപ്പെടുത്താനുള്ള ശ്രമത്തിലാണ് ഗവൺമെന്റ്. സൈബർ സുരക്ഷാ മേഖലയിൽ നിക്ഷേപത്തിനും സാധ്യതകൾ ഏറെയാണ്. ഇതിനു കാര്യക്ഷമതയുള്ള മനുഷ്യവിഭവശേഷി അത്യാവശ്യമാണ്.

**യോജന,**

**ഡിസംബർ 2018**



# Taxes on Petro Products
## Case for Tax Rate Rationalisation

**D.C. Patra**

Tax on petroleum products constitutes a significant fiscal instrument. Besides being items of revenue receipt for the central and state government exchequer, taxes on petroleum products are cost items to producers. Producers pass these on to customers; therefore, taxes on petro products add to the selling price of end products.

For every government, petroleum products are easy objects of taxation, as these products are taxed in bulk at the supply sources, and taxes are paid by marketers, who are always limited in number. As petroleum products are liquid or gaseous, and are hazardous, these have a well-defined supply chain, and well-structured documents make tax avoidance difficult. Some of the milestone supply links become easily identifiable points of tax collection.

Petroleum products are items of essential consumption. In the short run, these products do not have substitutes. Therefore, petroleum products have low price elasticity of demand, and it is easy to revise tax rates. That brings buoyancy to revenue collection. From the consumer's perspective, taxes on petroleum products are unavoidable, and the incidence of taxes on petroleum products pinches the homemaker's monthly budget; therefore, the price sensitivity of petroleum products is usually pronounced in the market easily, and the market reaction attracts media attention.

This article attempts to study taxes on petroleum products from the macro- economic and public finance perspective and answer four questions.

(i) What is the structure of petro taxes considering major products, applications, and customer profiles?

(ii) What is the extent of revenue generation role that petro taxes have played in the historical view, including the element of subsidy?

(iii) What percentage of the end user's price on some select products do petro taxes constitute?



(iv) How have the price indices of select petroleum products behaved?

The article brings out that petro products provided substantial support to the state exchequer on a sustained basis. The other side of the view that emerges from this study of 35 years is that the consumer, typically at the receiving end, has not had the best deal always. During 2015-16 and 2016-17, it was within the realm of possibility to lighten the tax burden on the consumer while maintaining revenue neutrality for the exchequer. That would have perhaps helped to make the tax structure more equitable as indirect taxes, by definition, are regressive in nature.

**Consumption**

Marketing of petroleum products has been largely regulated in India; however, marketing of specific petroleum products has been deregulated at different times by altering policy regulations and institutional arrangements. Private companies have come to operate in the market along the entire value chain-upstream, midstream, and downstream, and in different degrees and proportions-and these are seen to be more active in the refining segment.

Of the 252 million metric tonnes (MMT) of crude oil processed in the country during 2017-18, private refineries processed 91.2 MMT (36%) and jointly owned refineries processed 15.5 MMT (6%). In 2017-18, the central public sector undertakings (PSUs) together supplied 77% of the total consumption; private companies supplied the remaining 23%. Of this total consumption of about 202 MMT, 14% (28.3 MMT) is comprised of petro coke (21 MMT) and naphtha (7.3 MMT), which are used for industrial applications and are supplied in bulk. The private sector's market share marginally increased by 0.2% in 2017-18 (from 22.4 MMT out of total sales of 194.6 MMT in 2016-17). Retail marketing of petro products remains largely in the hands of central PSUs, in an oligopolistic structure overseen by the Ministry of Petroleum and Natural Gas, Government of India.

Out of 252 MMT of crude oil processed in 23 refineries in India in 2017-18, 220 MMT (87%) was imported, as were 35.9 MMT of finished petroleum products and 19.9 MMT of liquefied natural gas. The oil industry depends largely on imports, but they have taken great strides on multiple fronts to make petro products available in all parts of the country for all usages at all times.



Economic growth has spurred aspirations for better lifestyles, and increasing numbers of people are using varieties of energy-intensive equipments. Owing to the growing movement of goods and persons, there has been a consistent growth in consumption of auto fuels. Consumption of petroleum products in India grew at a compound annual growth rate (CAGR) of 5.3% over the past 43 years (1974-75 to 2017-18); and per capita consumption grew from 93.6 kg in 2007-08 to 159.6 kg in 2017-18. In 2017-18, the country consumed 204 MMT of petro products.

**Table 1 : Consumption of Petro Products and Tax REalisation by Government of India, Over Time**

| | Excise and Customs Duty Realisation by Central Government from Crude Oil and Petro Products (₹Crore) | Consumption of All Petro Products (Thousand metric tonne) (TMT) | Incidence of Tax on per Unit of Petro ((₹Per metric tonne (MT)) |
|---|---|---|---|
| 1980-81 | 1,512 | 30,896 | 0.49 |
| 1990-91 | 9,543 | 55,035 | 1.73 |
| 2000-01 | 35,912 | 1,00,075 | 3.59 |
| 2005-06 | 63,143 | 1,13,213 | 5.58 |
| 2010-11 | 1,02,828 | 1,41,040 | 7.29 |
| 2011-12 | 95229 | 1,48,132 | 6.43 |
| 2012-13 | 68,851 | 1,57,057 | 4.38 |
| 2013-14 | 73780 | 1,58,407 | 4.66 |
| 2014-15 | 94,239 | 1,65,520 | 5.69 |
| 2015-16 | 1,73,675 | 1,84,674 | 9.40 |
| 2016-17 | 2,37,389 | 1,94,597 | 12.20 |
| 2017-18 | 2,22,020 | 2,04,922 | 10.83 |

More people now own automobiles and use clean cooking fuel than before. With industrialisation and consequent manufacturing activities, the use of heating fuel and feedstock for fertiliser and petrochemical products will increase the use of petro goods, and the consumption of petroleum products may increase further. Table 1 shows the increase in the consumption of petroleum products and the petro tax revenue earned by the central government (including crude oil), over the past three and half decades. The table reveals that as consumption of petro products increases, the government's tax realisation from petro products increases in greater proportion, resulting in the



higher incidence of tax per unit of petro products consumed, peaking in 2016-17. From 1980-81 to 2017-18 the CAGR was 5.25% for petro products consumption but 14.44% for the realisation of tax revenue by the government. The correlation coefficient between the above two variables is 0.9108, signifying that both the variables moved very closely in the same direction during 1980-81 to 2017-18. However, correlation weakened to 0.8922 during the past eight years, from 2010-11 to 2017-18, but improved to 0.9384 during 2014-15 to 2017-18.

During 2016-17, tax revenue from customs and central excise on petro products contributed 15% of the government's gross tax revenue realisation, and tax revenue from petro products constituted 30% of the Government of India's gross indirect tax revenue realisation. Both these percentages speak volumes about the central exchequer's dependence on petro products. Historically the proportion of tax revenue realisation from petro product to gross tax realisation, including indirect taxes, increased during 2015-16 and 2016-17.

**Table 2 : Contribution of Petro Taxes in Government of India's Revenue**

| Years | No. Of Years (for Average) | Contribution of Tax Revenue from Petro Products to Gross Tax Realisation of Central Government (%) | Contribution of Tax Revenue from Petro Products to Gross Indirect Tax Realisation of Central Government | Tax -to-GDP ratio of the Central Government (%) |
|---|---|---|---|---|
| 2016-17 | 1 | 15 | 30 | 10.83 |
| 2006-07 to 2015-16 | 10 | 10.8 | 23.2 | 9.1 |
| 1996-97 to 2005 -06 | 10 | 18.6 | 29.8 | 9.7 |
| 1986-87 to 1995 -96 | 10 | 14.7 | 19.1 | 8.8 |
| 1980-81 to 1985-86 | 6 | 9.7 | 12.3 | 10.5 |

Comparing the historical trend with the ratio of taxes to the gross domestic product (GDP) (Table 2), reinforces the conclusion that petro taxes have been supporting the increasing tax-to-GDP ratio in recent years.



## Tax Structure

Bulk-consumption petroleum products- crude oil, petrol, diesel, aviation fuel, and natural gas-are outside the goods and sales tax (GST) regime. During the marketing phase of the supply chain (ex-refinery processing), non-GST petroleum products are taxed at two levels, on a cascading basis. At the ex-main storage point, after bulk receipt of cargo, central excise or customs duty is paid to the central government, depending upon the cargo being indigenous or imported, while cargo moves forward in bulk (either by ship, or pipeline or rail). At the secondary (retail) storage point, applicable state value added tax (VAT; previously known as sales tax) is added to the product and the tax amount is paid to state governments. On imported petro products, besides customs duty, applicable excise duty is added as countervailing duty.

The tax rate for non-GST products is a combination of specific and ad valorem, which varies by product. Customs duty is charged at 2.5% of cost, insurance, and freight value of petrol and diesel, and a specific component of countervailing duty (equivalent to excise duty) is added. As on 1 April 2018, excise duty per litre was ₹19.48 on petrol and ₹15.33 on diesel (reduced by ₹ 2 per litre from the previous year). This differential in duty between petrol and diesel provides diesel-fuelled engines and diesel users an implicit subsidy and has an economic impact on fuel usage and types of vehicle engine. Of all the diesel consumed in the country (81 MMT), 93.7% (75.8 MMT) is used for transportation of goods and people in 2017-18. Therefore, diesel is considered to have the properties of public welfare (merit) goods.

Second, tax on diesel is a tax on intermediate goods (fuel in transport vehicles), which has a cascading effect on the cost of other goods and services. On the other hand, tax on petrol is considered a tax on consumer goods (to end users). The higher rate is justified on grounds of the progressive nature of tax and on the principle that high-income, high-consuming taxpayers can afford to pay.

Third, the tax on diesel is passed on to end consumers through the prices of goods and services where diesel vehicles are used, whereas the tax on petrol can hardly be passed on to anybody else, except when it is used in taxis.



## Tax Realisation

Petro products contributed 72% of the central excise duty of the government in 2016-17. The percentage contribution has been increasing over the years; the average of the past 10 years (2007-08 to 2016-17) was 52.6%. This indicates that the central excise base of the government is narrow and is critically dependent on petroleum products.

Contrary to excise duties, customs duties on petro products contribute 8.8% (the average of the past 10 years, 2007-08 to 2016-17) to the customs duty realisation of the government; this percentage has been declining from the 23% level prevalent during the 1990s. Oil marketing companies have been selling branded petrol and diesel for the past 10 years. Each oil marketing company has its own brand of petrol and diesel. These premium-grade products provide customers extra value and are, therefore, high- priced. These branded fuels are taxed at a higher rate, approximately ₹2 per litre.

There are arguments not to reduce the tax rate on diesel from the point of view of green fuel. Electricity is a substitute to diesel in rail transport fuel, and compressed natural gas is a substitute to fuel in road transport. From the environmental pollution perspective, diesel is a polluting fuel. So, it is advocated that diesel be taxed at a higher rate than its substitute fuels.

The rate of VAT varies from state to state. On petrol, VAT is as high as 35% in Telangana, followed by 34% in Tamil Nadu, and 30% in Rajasthan. On diesel, VAT is as high as 27% in Telangana, followed by 26% in Odisha, 25% in Tamil Nadu, and 22% in Madhya Pradesh. A study of the ratio of taxes to total selling price and a comparison of rates of taxes now (2016-17) and two years ago (2014-15) suggests, prima facie, that the government has been taxing petroleum products users hard.

Auto fuel constituted 52% of total petroleum products consumed in India during the past three years (2015-16 to 2017-18). Therefore, the tax components of these two products have been presented as representative products.

There has been significant escalation in tax rates during the past two years (2015-16 to 2016-17). The economic justifications for the Government of India's escalation of the rates of



tax on petrol and diesel prices which are linked to the price of those products in the international market-are to maintain neutrality of the retail selling price in the market to the end user and the revenue to the government.

There has been a remarkable levelling of realisation of excise duty for petrol and diesel from 2009-10 to 2013-14. Of course, there has been some variation in the volume of petrol and diesel consumed, which has led to variation in revenue realisation, more pronounced during 2015-16 to 2017-18.

From February 2011 to August 2014, crude oil prices rose high to the level of \$100/barrel. The softening in price from September 2014 onwards let the government decontrol the pricing process of diesel effective 18 October 2014, and also enabled public sector oil marketing companies to neutralise in part their accumulated under-recovery incurred during the previous seven years.

**Impact on Government Revenue**

Petroleum products earn the government tax revenue by way of proceeds from central excise and customs duties. The exchequer received ₹ 222 thousand crore during 2017-18. It is natural to expect that by sheer buoyancy, this accrual would increase over the years, with growth in consumption of petroleum products year after year.

Since 1980-81, petroleum products consumption has grown at 5.3% CAGR; revenue realisation at 15.08% CAGR, on nominal basis; and gross tax revenue at 14.32% CAGR. But the share of petro tax revenue to the total tax revenue of the Government of India increased until 2001-02 (22%) and dropped to 9.4 % on average for the past five years (2012-13 to 2016-17). One reason for this decline could be that the government had little scope to build a larger chunk of tax component in the retail selling price of petroleum products. Second, as economic activities diversified in a growing economy, other items of consumption were produced and entered the ambit of taxes.

The basic price of petrol and diesel linked to the prices prevailing in the international market (import parity price) rose steeply in 2005-06, Petro product prices in international market



